**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 349** **16-09-2025 - ൽ മറുപടിയ്ക്ക്**

**ലഹരിക്കടത്ത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ , ശ്രീ. എ. രാജ, ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ, ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഇത്തവണത്തെ ഓണക്കാലത്ത് സംസ്ഥാനത്തേയ്ക്കുള്ള ലഹരികടത്ത് തടയുന്നതിനായി എക്സൈസും പോലീസും സംയുക്തമായി നടത്തിയ പ്രവർത്തനങ്ങൾ എത്രമാത്രം ഫലപ്രദമായിരുന്നുവെന്ന് വിശദീകരിക്കാമോ; | (എ) | ഇത്തവണത്തെ ഓണക്കാലത്ത് സംസ്ഥാനത്തേയ്ക്കുള്ള ലഹരി കടത്ത് തടയുന്നതിനായി ആഗസ്റ്റ് 4 മുതൽ സെപ്റ്റംബർ 10 വരെ ഓണം സ്പെഷ്യൽ ഡ്രൈവ് നടത്തുകയുണ്ടായി. പോലീസ് ഉൾപ്പടെയുള്ള മറ്റ് വകുപ്പുകളുമായി ചേർന്ന് ഈ കാലയളവിൽ 915 സംയുക്ത പരിശോധനകൾ നടത്തിയതിന്റെ ഭാഗമായി 4 അബ്കാരി കേസ്സുകളും, 5 എൻ.ഡി.പി.എസ്. കേസ്സുകളും, 12 കോട്പ കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | വിമാനത്താവളം, റെയിൽവേ, ചെക്ക്പോസ്റ്റുകൾ എന്നിവ വഴി ഇതര സംസ്ഥാനത്തു നിന്നും കേരളത്തിലേയ്ക്ക് കടത്തികൊണ്ടു വരുന്ന ലഹരി വസ്തുക്കൾ കണ്ടെത്തുന്നതിനും തടയുന്നതിനുമായി സർക്കാർ നടത്തി വരുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (ബി) | വിമാനത്താവളം, ചെക്ക്പോസ്റ്റുകൾ, റെയിൽവേ സ്റ്റേഷൻ എന്നിവ വഴി രാസലഹരി ഉൾപ്പടെയുള്ള മയക്കുമരുന്നുകൾ കടത്തിക്കൊണ്ട് വരുന്നത് കണ്ടെത്തുന്നതും തടയുന്നതിനുമായി ടി സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് എക്സൈസ് വകുപ്പ് നിരന്തര നിരീക്ഷണവും പരിശോധനകളും നടത്തിവരുന്നു. ഓരോ ജില്ലയിലെയും സാഹചര്യം അനുസരിച്ച് പ്രത്യേക ടീമുകൾ രൂപീകരിച്ച് ലഹരിക്കടത്ത് തടയുന്നതിനായി നടപടി സ്വീകരിച്ച് വരുന്നു. ചെക്ക്പോസ്റ്റുകൾ കടന്ന് വരുന്ന റോഡുകൾ കേന്ദ്രീകരിച്ച് അന്യസംസ്ഥാനങ്ങളിൽ നിന്നും ലഹരി വസ്തുക്കൾ കടത്തിക്കൊണ്ട് വരുന്നത് തടയുന്നതിനും, ചെക്ക് പോസ്റ്റുകൾ ഇല്ലാത്ത പ്രദേശങ്ങളിലും, ഊടുവഴികളിൽകൂടിയും ലഹരിവസ്തുക്കൾ കടത്തുന്നത് തടയുന്നതിനുവേണ്ടി സംസ്ഥാന അതിർത്തി പങ്കിടുന്ന തിരുവനന്തപുരം, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റും (KEMU) നടപടി സ്വീകരിച്ചുവരുന്നു. എക്സൈസ് കമ്മീഷണറേറ്റിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പരാതി പരിഹാരസെൽ വഴിയും, ജില്ലാതല കൺട്രോൾ റൂമുകൾ വഴിയും പൊതുജനങ്ങളിൽ നിന്ന് |

| | | | |
|---|---|---|---|
| | | | വിവരങ്ങളും പരാതികളും സ്വീകരിച്ച് ഉടനടി നടപടി സ്വീകരിക്കുന്നു. എക്സൈസ് ഇന്റലിജൻസ് ആന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ വഴി രഹസ്യ വിവരങ്ങൾ ശേഖരിച്ച് ഫീൽഡ് ഓഫീസുകൾക്ക് നൽകി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തുന്നു. കണ്ടെടുക്കുന്ന ദേശീയ-അന്തർദേശീയ ബന്ധമുള്ള കേസുകൾ തുടർനടപടികൾക്കായി നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയ്ക്കും മറ്റ് കേന്ദ്ര ഏജൻസികൾക്കും കൈമാറി നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | എം. ഡി. എം. എ. പോലെയുള്ള സിന്തെറ്റിക്ക് ലഹരിയുടെ ഉപയോഗം നിയന്ത്രിക്കുന്നതിനും ലഹരിക്കടത്തും കച്ചവടവും തടയുന്നതിനും എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | എം.ഡി.എം.എ. പോലെയുള്ള സിന്തെറ്റിക്ക് ലഹരിയുടെ ഉപയോഗം നിയന്ത്രിക്കുന്നതിനും ലഹരിക്കടത്തും കച്ചവടവും തടയുന്നതിനുമായി എക്സൈസ് വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം റെയ്ഡുകൾ നടത്തുകയും, കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തുവരുന്നു. ജില്ലാ തലങ്ങളിൽ സ്ട്രൈക്കിംഗ് ഫോഴ്സ്, ഹൈവേ പട്രോൾ ടീം എന്നിവ രൂപീകരിച്ച് 24 മണിക്കൂറും വാഹന പരിശോധനകൾ നടത്തി മയക്കുമരുന്നു കടത്തും വിൽപ്പനയും തടയുന്നു. അതിർത്തി പ്രദേശങ്ങളിൽ ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ച് അന്യസംസ്ഥാനങ്ങളിൽ നിന്നും ലഹരി വസ്തുക്കൾ കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. ചെക്ക് പോസ്റ്റുകൾ ഇല്ലാത്ത പ്രദേശങ്ങളിലും, ഊടുവഴികളിൽ കൂടിയും ലഹരി വസ്തുക്കൾ കടത്തുന്നത് തടയുന്നതിനുവേണ്ടി സംസ്ഥാന അതിർത്തി പങ്കിടുന്ന തിരുവനന്തപുരം, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് (KEMU) രൂപീകരിച്ച് ലഹരിവസ്തുക്കൾ തടയുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.<br><br>വാട്സ് ആപ്പ്, ഫെയ്സ് ബുക്ക്, ഇൻസ്റ്റഗ്രാം തുടങ്ങിയ സോഷ്യൽ മീഡിയകൾ, ഡാർക്ക് വെബ് പോലുള്ള ഓൺലൈൻ സൈറ്റുകൾ എന്നിവ മുഖേന രാസലഹരി ഉൾപ്പടെയുള്ള മയക്കുമരുന്ന് കൈമാറ്റം ചെയ്യുന്നത് കണ്ടെത്തുന്നതിനായി എക്സൈസ് സൈബർ സെൽ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. കൊറിയർ സർവ്വീസ് വഴി ലഹരിക്കടത്ത് നടത്തുന്നത് തടയുന്നതിനായി ഇത്തരം സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നിരന്തര നിരീക്ഷണവും പരിശോധനകളും നടത്തിവരുന്നു.<br><br>നിരന്തരമായി മയക്കുമരുന്നുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ PITNDPS Act പ്രകാരം കർശന നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചുവരുന്നു. ആയത് പ്രകാരം ഈ വർഷം 13 പേർക്കെതിരെ കരുതൽ തടങ്കലിനു ശുപാർശ ചെയ്യുകയും ആയതിൽ 5 പേരെ കരുതൽ തടങ്കലിലാക്കിയിട്ടുള്ളതുമാണ്. അബ്കാരി/ എൻ.ഡി.പി.എസ്. കേസ്സുകളിലെ മുൻ കുറ്റവാളികളുടെ പ്രൊഫൈൽ തയ്യാറാക്കി അവരെ നിരീക്ഷിച്ചു വരുന്നു. |
| (ഡി) | രാസലഹരിയുടെയും മറ്റും ഉപയോഗം വ്യക്തിയിലും സമൂഹത്തിലും ഉണ്ടാക്കാവുന്ന പ്രത്യാഘാതങ്ങൾ സംബന്ധിച്ച അവബോധം വിദ്യാർത്ഥികളിലും യുവജനങ്ങളിലും എത്തിക്കുന്നതിനായി എന്തെല്ലാം ബോധവൽക്കരണ പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വിശദീകരിക്കാമോ? | (ഡി) | പഠനം കഴിഞ്ഞുള്ള സമയം കുട്ടികളുടെ കർമശേഷിയെ ക്രിയാത്മകമായി വിനിയോഗിക്കുന്നതിനും, അവരിലെ കലാപരവും, കായികപരവുമായ കഴിവിനെ പ്രോത്സാഹിപ്പിക്കുന്നതിനുമായി 'ഉണർവ്' എന്ന പദ്ധതിയും ലഹരിയുടെ ഉപയോഗം മൂലം വിദ്യാർത്ഥികളുടെ സ്വഭാവത്തിലുണ്ടാകുന്ന മാറ്റങ്ങളും, പെരുമാറ്റ വൈകല്യങ്ങളും അധ്യാപകരുടെ സഹായത്തോടെ കണ്ടെത്തി അവ പരിഹരിച്ച് കുട്ടികളെ ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനായി "നേർവഴി "എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.<br><br>ലഹരിവിരുദ്ധ ക്ലബ്ബുകളിലെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായും, കുട്ടികളുടെ കായിക മത്സര ഇനങ്ങളിലുള്ള താൽപ്പര്യം വർദ്ധിപ്പിക്കുന്നതിനുമായി സ്കൂളുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ "ടീം വിമുക്തി" എന്ന പേരിൽ വിവിധ കായിക ഇനങ്ങളിലായി സ്പോർട്സ് ടീമുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു.<br><br>കോളേജ് തലത്തിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് കോളേജ് ക്യാമ്പസുകളിൽ "നേർക്കൂട്ടം" എന്ന പേരിലും കോളേജ് ഹോസ്റ്റലുകളിൽ "ശ്രദ്ധ" എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.<br><br>ജീവിത നൈപുണികളെ അടിസ്ഥാനമാക്കി ബോധവത്ക്കരണ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് 142 എക്സൈസ് ഉദ്യോഗസ്ഥർക്ക് എക്സൈസ് അക്കാദമിയിൽ വച്ച് NIMHANS മുഖേന പരിശീലനം നൽകി കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസുകൾ നൽകുന്നതിന് നിയോഗിച്ചിട്ടുണ്ട്.<br><br>സമൂഹത്തിലെ ലഹരി ഉപയോഗം ഫലപ്രദമായി പ്രതിരോധിക്കുന്നതിന് സാമൂഹിക പ്രതിരോധം തീർക്കുക എന്ന ലക്ഷ്യത്തോടെ വിമുക്തി മിഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് തലത്തിൽ ജാഗ്രത സമിതികൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. വ്യാജമദ്യം, മയക്കുമരുന്ന്, |

| | | | |
|---|---|---|---|
| | | | നിരോധിത പുകയില ഉൽപ്പന്നങ്ങൾ എന്നിവ ഇല്ലായ്മ ചെയ്യുന്നതിന് എക്സൈസ് വകുപ്പിനെ സഹായിക്കുന്നതോടൊപ്പം ഈ സമിതി ലഹരിക്കടിമപ്പെട്ടവരെ കണ്ടെത്തി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ കൗൺസെലിംഗ് നൽകുന്നതിനും സഹായിക്കുന്നു.<br><br>ആദിവാസി-തീരദേശ മേഖലകളിൽ ലഹരിവർജ്ജന പ്രവർത്തനങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകി പ്രവർത്തിച്ച് വരുന്നു. ജനമൈത്രി എക്സൈസ് സ്ക്വാഡിന്റെ നേതൃത്വത്തിൽ ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ ആദിവാസി മേഖലകൾ കേന്ദ്രീകരിച്ച് മെഡിക്കൽ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, ശിൽപ്പശാലകൾ, കരിയർ ഗൈഡൻസ് ക്ലാസ്സുകൾ/പി.എസ്.സി പരിശീലന ക്ലാസ്സുകൾ, പഠനം ഉപേക്ഷിക്കുന്ന കുട്ടികളെ കണ്ടെത്തി തിരികെ വിദ്യാലയങ്ങളിൽ എത്തിക്കുന്ന പദ്ധതി തുടങ്ങിയവ നടപ്പാക്കിവരുന്നു. ആദിവാസി-തീരദേശ മേഖലകളിൽ യുവാക്കളെ ആരോഗ്യ പരിപാലനത്തിന് താൽപ്പര്യം ജനിപ്പിക്കുന്നതിനും ലഹരി മാർഗ്ഗത്തിൽ നിന്നും പിന്തിരിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് ഇടുക്കി, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, വയനാട്, കൊല്ലം എന്നീ ജില്ലകളിൽ വിമുക്തിയുടെ ഭാഗമായി ഫിറ്റ്നസ് കേന്ദ്രങ്ങൾ തയ്യാറാക്കി പ്രവർത്തിച്ചു വരുന്നു.<br><br>ലഹരിവിരുദ്ധ പ്രചാരണം ലക്ഷ്യം വച്ചുള്ള സന്ദേശങ്ങൾ തയ്യാറാക്കി വിവിധ അച്ചടി/ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയും ഫെയ്സ് ബുക്ക്, ടിറ്റർ, യൂ-ട്യൂബ്, ഇൻസ്റ്റഗ്രാം, വാട്സ്ആപ്പ് തുടങ്ങിയ നവമാധ്യമങ്ങളിലൂടെയും പ്രചരിപ്പിച്ചു വരുന്നു. അതിഥി തൊഴിലാളി മേഖലകളിൽ ദ്വിഭാഷി സേവനം ഉപയോഗിച്ചുള്ള ബോധവത്കരണം, നിയമാവബോധം എന്നിവയും വിവിധ ബോധവത്കരണ പരിപാടികൾ മെഡിക്കൽ/ദന്തൽ ക്യാമ്പുകൾ എന്നിവയും സംഘടിപ്പിച്ചിട്ടുള്ളതാണ്.<br><br>മയക്കുമരുന്ന് വ്യാപനത്തിനെതിരെ ജനകീയ പങ്കാളിത്തത്തോടെ സാമൂഹ്യ പ്രതിരോധം തീർക്കുന്നതിനായി എല്ലാ വിഭാഗം ജനങ്ങളെയും അണിനിരത്തി 2022 ഒക്ടോബർ 2 മുതൽ ആരംഭിച്ച ലഹരിവിരുദ്ധ ക്യാമ്പയിനിന്റെ അഞ്ചാം ഘട്ടം വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് 2025 ജൂൺ 26 മുതൽ 2026 ജനുവരി 26 വരെ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ